യാണ്. ജില്ലാ കളക്ടറോട് അന്വേഷിച്ച് റിപ്പോർട്ട് തരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മരിച്ചുപോയ ആളുകളുടെ കുടുംബത്തിനു സഹായം നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കും. ജില്ലാ കളക്ടറുടെ റിപ്പോർട്ട് കിട്ടിയാൽ ഉടനെ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(3) കായംകുളം ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തൽ.

ശ്രീ. രമേശ് ചെന്നിത്തല: വളരെ വർഷങ്ങളായി കായംകുളം ഫിഷിംഗ് ഹാർബർ ആരംഭിക്കണമെന്ന് ജനങ്ങളും ഉന്നയിക്കുന്ന ഒരു കാര്യമാണ്. അതിന്റെ ഇൻവെസ്റ്റിഗേഷന്റെ പണി നടന്നു കഴിഞ്ഞിട്ടുണ്ട് എന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കായംകുളം, കരുനാഗപ്പള്ളി, ഹരിപ്പാട് എന്നീ മൂന്നു നിയോജകമണ്ഡലങ്ങളിലെ തീരദേശവാസികളായ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ആ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. അതുകൊണ്ട് ആ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം എത്രയുംപെട്ടെന്ന് ത്വരിതപ്പെടുത്താനും മൽസ്യത്തൊഴിലാളികളടക്കമുള്ള ആ പ്രദേശത്തെ ജനങ്ങളുടെ ആഗ്രഹം പൂർത്തീകരിക്കാനും വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കായംകുളം ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ച പ്രാഥമികമായ റിപ്പോർട്ട് എല്ലാം കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അതുസംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്. പഠനം നടത്തുന്നത് ലാൽബഹദൂർ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള എഞ്ചിനീയറിംഗ് വിഭാഗ്ദ്ധൻമാരാണ്. അവർ ചെമ്പാൻ പ്രോജക്ടിന്റെ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം അവസാനത്തോടുകൂടി അതു പൂർത്തിയാകും. അതു പൂർത്തിയായിക്കഴിഞ്ഞാൽ അവർ ഈ ജോലി ഏറ്റെടുത്തു നടത്തും. അവരുടെ റിപ്പോർട്ട് കിട്ടിയാൽ ആവശ്യമായ നടപടികളും സാമ്പത്തിക സ്ഥിതി അനുസരിച്ച് സ്വീകരിക്കുന്നതായിരിക്കും.

(4) കൃഷി ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ.ഇ. ഇസ്മയിൽ: നമ്മുടെ സംസ്ഥാനത്ത് ഓരോ വർഷവും മാറിമാറിവരുന്ന അതിവൃഷ്ടിയും അനാവൃഷ്ടിയും നമ്മുടെ സംസ്ഥാനത്തെ കർഷകരെ വല്ലാതെ വിഷമിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷത്തിനുമുൻപുണ്ടായ വരൾച്ചയുടേയും ഈ വർഷം ഉണ്ടായ കാലവർഷക്കെടുതികളുടേയും ഫലമായി കൃഷിയിറക്കാൻപോലും കഴിയാത്ത നിരവധി കർഷകർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഈ സാഹചര്യത്തിൽ കൃഷിക്കാരെ സഹായിക്കുന്നതിന് നമ്മുടെ സംസ്ഥാനഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇപ്പോഴുള്ള ഒരു നിർദ്ദേശം വിള ഇൻഷ്വറൻസ് എന്ന പദ്ധതിമാത്രമാണ്. എന്നാൽ വിളയിറക്കാൻപോലും കഴിയാത്ത സാഹചര്യമാണ് ഈ കാലാവസ്ഥയിൽ ഉണ്ടായിരിക്കുന്നത്. അട്ടപ്പാടിമേഖലയിൽ വരൾച്ചമൂലം കൃഷിയിറക്കാൻ കഴിഞ്ഞിട്ടില്ല. കാലവർഷക്കെടുതികൊണ്ട് കൃഷിയിറക്കാൻ കഴിയുന്നില്ല. നെൽക്കൃഷി മാത്രമല്ല, കടല, കരിമ്പ്, പരുത്തി തുടങ്ങിയ കൃഷികളും ഇറക്കാൻ കഴിയാത്ത സാഹചര്യമുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly